**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1297** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് മണ്ഡലത്തിലെ ഗ്രൗണ്ട് നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുള്ള നന്തിക്കര ജി.വി.എച്ച്.എസ് ഗ്രൗണ്ട്, തൃക്കൂർ സർവ്വോദയ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് നിയോജക മണ്ഡലത്തിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണ നടപടികൾ സ്വീകരിച്ചിട്ടുള്ള നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ട്, തൃക്കൂർ സർവ്വോദയ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് എന്നീ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** നന്തിക്കര ജി.വി.എച്ച്.എസ് ഗ്രൗണ്ട് നിർമ്മാണം വളരെ മന്ദഗതിയിലാണ് എന്നതും തൃക്കൂർ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തതും കായിക വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് നിയോജക മണ്ഡലത്തിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നിർമ്മാണ നടപടികൾ സ്വീകരിച്ചിട്ടുള്ള നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ട്, തൃക്കൂർ സർവ്വോദയ സ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് എന്നീ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടത്തുന്ന പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ കായിക വകുപ്പ് സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പുതുക്കാട് നിയോജക മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി. എച്ച്.എസ് സ്കൂളിലെ കളിസ്ഥലത്തിന്റെ വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പുതുക്കാട് നിയോജക മണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി.എച്ച്.എസ് സ്കൂളിലെ കളിസ്ഥലത്തിന്റെ വികസന പ്രവൃത്തിക്കായി പുതുക്കാട് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയും 21.12.2024 തീയതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം കായിക വകുപ്പിന്റെ പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു.<br>തുടർന്ന് 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും M/s.Neeshan & LJ Private Ltd., കണ്ണൂർ എന്ന സ്ഥാപനത്തിന് 79.58 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളതുമാണ്.<br>നിലവിൽ ഗ്രൗണ്ടിൽ നിലനിന്നിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്തതിനു ശേഷം സർവ്വേ പ്രവൃത്തികൾ, ഗ്യാലറി, ഫെൻസിംഗിന്റെ ഫ്രെയിം വർക്ക് പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br>ഡ്രെയിൻ നിർമ്മിക്കുന്നതിനാവശ്യമായ ഔട്ട്ലെറ്റ് പ്രസ്തുത ഗ്രൗണ്ടിലേക്കാൾ ഉയർന്ന ലെവലിൽ ആയതിനാൽ ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ ഗ്രൗണ്ട് ഡെവലപ്മെന്റിനാവശ്യമായ മണ്ണ് പുറമേ നിന്നും കൊണ്ടു വരുന്നതിന് ആവശ്യമായ ജിയോളജിക്കൽ പാസ്സ് ലഭിക്കാത്തതാണ് പ്രവൃത്തി മന്ദഗതിയിലാകുവാനുള്ള കാരണം. മണ്ണ് ലഭ്യമായാലുടൻ തന്നെ പ്രവൃത്തി പുനരാരംഭിക്കുകയും അധികം വൈകാതെ തന്നെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. |
| 2 | തൃക്കൂർ സർവ്വോദയ ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണം | 14.10.2025 തീയതിയിലെ സ.ഉ.(സാധാ.) നം.260/25/S&YA പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.89 |

| | | |
|---|---|---|
| | | ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. പി.കെ. ഷാഹുൽ ഹമീദ് എന്ന കരാറുകാരൻ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളതുമാണ്. ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, ഡ്രെയിനേജ്, ഗ്യാലറി, ഗേറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഈ പ്രവർത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>കരാറുകാരൻ 21.02.2026 തീയ്യതിയിൽ കരാറിലേർപ്പെട്ടുവെങ്കിലും മാർച്ച് മാസത്തിൽ നടന്ന എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളും, ഇലക്ഷനുമായി ബന്ധപ്പെട്ട നടപടികളും, ഗ്രൗണ്ടിൽ മുൻകൂട്ടി നിശ്ചയിച്ച മത്സരങ്ങളും ഉള്ളതിനാൽ ഏപ്രിൽ മാസം അവസാനമാണ് കരാറുകാരന് സൈറ്റ് കൈമാറുവാൻ സാധിച്ചത്. നിലവിൽ ഗ്രൗണ്ടിന്റെ വലുപ്പം കൂട്ടുന്നതിനും, ഗ്യാലറി നിർമ്മിക്കുന്നതിനുമാവശ്യമായ മണ്ണ് കട്ട് ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. എന്നാൽ മണ്ണ് മാറ്റുന്നതിനിടയിൽ ചില സ്ഥലങ്ങളിൽ നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന രീതിയിൽ പാറ കണ്ടതിനാൽ പാറ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശ്രമിക്കുന്നതാണ്. |
| 3 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നവീകരണം | 14.10.2025 തീയ്യതിയിലെ സ.ഉ.(സാധാ.) നം.260/25/S&YA പ്രകാരം പ്രസ്തുത പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി. പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ശ്രീ. മുബീൻ എം.എ എന്ന കരാറുകാരന് ആണ് ടി പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളത്. ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, ഡ്രെയിനേജ്, ഫ്ലഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>20.02.2026 തീയ്യതിയിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രൗണ്ടിന്റെ വലുപ്പം കൂട്ടുന്നതിന് തടസ്സമായി നിൽക്കുന്ന ഗ്യാലറി പഞ്ചായത്തിന്റെ ചുമതലയിൽ പൊളിച്ചു നീക്കം ചെയ്ത് നൽകാത്തതിനാൽ കരാറുകാരന് സൈറ്റ് കൈമാറി |

| | | |
|---|---|---|
| | | നൽകുവാൻ സാധിച്ചിട്ടില്ല. ഗ്യാലറി പൊളിച്ചു നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഗ്യാലറി പൊളിച്ചു നീക്കം ചെയ്ത് ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിന് ആവശ്യമായ സാഹചര്യമുണ്ടായാൽ അധികം താമസിയാതെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**